# അതിവേഗം പരിഹാരം; കണ്ണീരൊപ്പി ജനം മട

## വൃക്കരോഗിയായ സിപിഎം വർക്കല ഏരിയാ കമ്മിറ്റി അംഗത്തിനു ധനസഹായം; സർക്കാർ ചെലവിൽ ചികിൽസ

തിരുവനന്തപുരം: സിപിഎം വർക്കല ഏരിയാ കമ്മിറ്റി അംഗം വെട്ടൂർ പ്രകാശൻ നാലു വർഷമായി വൃക്ക രോഗം ബാധിച്ചു ചികിൽസയിലായിരുന്നു. ചികിൽസയ്ക്കു വേണ്ടി രണ്ടു ലക്ഷം രൂപ കടമെടുത്തതു പെരുകി കഷ്ടത്തിലായിരുന്നു അദ്ദേഹം. ജനസമ്പർക്ക പരിപാടിക്കെത്തിയ പ്രകാശനു മുഖ്യമന്ത്രി 50,000 രൂപ സഹായം നൽകി. കിംസ് ആശുപത്രിയിൽ തുടർ ചികിൽസയ്ക്കുള്ള ചെലവ് സർക്കാർ വഹിക്കാമെന്ന ഉറപ്പും പ്രകാശനു കിട്ടി. ഇതുപോലെ അനവധി പേർക്കാണു ജനസമ്പർക്ക പരിപാടിയിലൂടെ മുഖ്യമന്ത്രി ആശ്വാസം പകർന്നത്. വേദനിക്കുന്നവർക്ക് ആശ്വാസം പകരാൻ സന്ധ്യവരെയുള്ള കണക്കനുസരിച്ച് 40 ലക്ഷം രൂപയാണു മുഖ്യമന്ത്രി അനുവദിച്ചത്.

**ഭക്ഷണവും വിശ്രമവുമില്ലാതെ രാവിലെ മുതൽ പാതിരാത്രി വരെ കർമനിരതനായി മുഖ്യമന്ത്രി.**

പത്തുവർഷം കാത്തിരുന്ന കിളിമാനൂരിലെ ഷൈലജ–രാജു ദമ്പതികൾക്ക് ഒടുവിൽ ദൈവം കനിഞ്ഞു നൽകിയതു നാലു കുട്ടികളെ. ഒരാണും മൂന്നു പെണ്ണും. ആൺകുട്ടി പത്തു ദിവസം മാത്രമേ ജീവിച്ചുള്ളൂ. ഒൻപതു വയസ്സുകാരി പെൺകുട്ടിക്കു തലയിൽ വെള്ളം കെട്ടിക്കിടക്കുന്ന രോഗവും. അവൾ തളർന്നു കിടക്കുകയാണിപ്പോൾ. ദുരിതങ്ങളുടെ പാത താണ്ടുന്നതിനിടെ രാജുവിന് വാഹനാപകടത്തിൽ പരുക്കേറ്റു. കയ്യും, കണ്ണിന്റെ കാഴ്ചയും നഷ്ടപ്പെട്ടു. കുടുംബം പോറ്റാൻ മാർഗമില്ലാതായ ഷൈലജ പലയിടത്തും സഹായം തേടിയെങ്കിലും നിരാശയായിരുന്നു ഫലം. ഒടുവിൽ സങ്കടവുമായി മുഖ്യമന്ത്രിയുടെ മുന്നിലെത്തി. കിളിമാനൂർ സപ്ലൈകോയിൽ ജോലി നൽകാൻ മുഖ്യമന്ത്രി നിർദേശം നൽകി.

വയ്യേറ്റ് സ്വദേശി ലിസി മോഹൻലാൽ (27) സമാനമായ ആവശ്യവുമായാണു ജനസമ്പർക്ക പരിപാടിക്ക് എത്തിയത്. ബുദ്ധി വൈകല്യമുള്ള കുട്ടിയുണ്ട്. ഭർത്താവ് ജീവിച്ചിരിപ്പില്ല. കുടുംബം പോറ്റാൻ എന്തെങ്കിലും ജോലി വേണമെന്നായിരുന്നു അവരുടെയും ആവശ്യം. വെഞ്ഞാറമൂട് മാവേലി സ്റ്റോറിൽ താൽക്കാലിക ജോലി നൽകാൻ മുഖ്യമന്ത്രി നിർദേശം നൽകി.

കണ്ണൻ ശർമയ്ക്കു (20) ജന്മനാ ബുദ്ധിക്കുറവുണ്ട്. വിശപ്പും ദാഹവുമൊന്നും അറിയുകയുമില്ല. അമ്മയ്ക്കും തനിക്കും ജീവിക്കാൻ വീടു വേണമെന്നായിരുന്നു ആവശ്യം. വീടു നിർമാണത്തിനു സഹായം നൽകാൻ നടപടി സ്വീകരിച്ചു. കണ്ണന്റെ അമ്മയ്ക്കു വിധവാ പെൻഷൻ നൽകാനും ഉത്തരവിട്ടു.

അപകടത്തിൽ മരിച്ച മകന്റെ വേദന പറഞ്ഞെത്തിയ ചിറയിൻകീഴിലെ സുധാകരനു മുഖ്യമന്ത്രി ഒരു ലക്ഷം രൂപ അനുവദിച്ചു.



*തിരുവനന്തപുരത്തു ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ രാത്രിയിലും നീണ്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ജനസമ്പർ*